**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1997** **06-07-2022 - ൽ മറുപടിയ്ക്ക്**

**സേവനങ്ങൾ പരസ്യപ്പെടുത്തുന്നതിനുള്ള പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിലെ സേവനങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | (എ) | വിവിധ സർക്കാർ സേവനങ്ങൾ പൊതുജന സമക്ഷം എത്തിക്കുന്നതിനായി ഇൻഫർമേഷന് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധിയായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ കേരളകാളിംഗ്, ജനപഥം, പി.ആർ.ഡി.ലൈവ് മൊബൈൽ ആപ്പ്, കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ലഘുലേഖകൾ, പ്രത്യേക ബുക്ക് ലെറ്റുകൾ, കോഫിടേബിൾ ബുക്കുകൾ എന്നിവ വഴി സർക്കാരിന്റെ വികസന- ക്ഷേമ പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കുന്നുണ്ട്.<br><br>ദൈനംദിനം നൽകി വരുന്ന പത്രക്കുറിപ്പുകൾ സംസ്ഥാന സർക്കാരിന്റെ വികസന-ക്ഷേമ പരിപാടികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇതിന്റെ ഡിജിറ്റൽ രൂപം പിആർഡി വെബ് സൈറ്റിലും ലഭ്യമാണ്. സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽ ജില്ലയിലെ എല്ലാ മാധ്യമങ്ങളും പങ്കെടുക്കുന്നുവെന്ന് പി.ആർ.ഡി. ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നു.<br><br>ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, എന്നിവരുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും വെബ് സൈറ്റുകൾ മുഖേനയും ഫേസ് ബുക്ക്, ടിറ്റർ , യുട്യൂബ് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ വഴിയും |

| | | | |
|---|---|---|---|
| | | | സർക്കാർ സേവനങ്ങളുടെ വിവരങ്ങൾ അറിയാൻ സാധിക്കും,<br><br>സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി സ്പോൺസേർഡ് പ്രോഗ്രാമുകളായ ‘പ്രിയകേരളം’ ‘ദൂരദർശനിലും’, ‘നവകേരളം’ ഏഷ്യാനെറ്റ് ന്യൂസിലും ‘ജനപഥം’ ആകാശവാണിയിലും സംപ്രേഷണം ചെയ്തു വരുന്നു.<br><br>മന്ത്രിസഭാ വാർഷിക വേളയിൽ നടത്തി വരുന്ന ജില്ലാതല മെഗാ പ്രദർശന മേള സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് സഹായകരമാകുന്നുണ്ട്.<br><br>അച്ചടി- ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഹോർഡിംഗുകളിലൂടെയും കെഎസ്ആർടിസി ബസ്സുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവയിലൂടെയും നൽകി വരുന്ന അറിയിപ്പുകളും പരസ്യങ്ങളും സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ